# കേരള സർവകലാശാല

നം. പി.ആർ.127/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ബി.എ മ്യൂസിക് ഒന്നാം വർഷ ബിരുദ പ്രവേശനം 2018

ഒന്നാം വർഷ ബി.എ. മ്യൂസിക്കിന് പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും 12.06.2018-നകം അതത് കോളേജുകളിൽ സമർപ്പിക്കണം.

അഭിരുചി പരീക്ഷകൾ നീറമൺകര എൻ.എസ്.എസ്. കോളേജിൽ 20.06.2018-നും, കൊല്ലം എസ്. എൻ. വനിതാകോളേജിൽ 21.06.2018-നും തിരുവനന്തപുരം വഴുതയ്ക്കാട് ഗവൺമെന്റ് വനിതാ കോളേജിൽ 22.06.2018-നും നടത്തുന്നതാണ്. 23.06.2018-ന് റാങ്ക് പട്ടിക അതത് കോളേജുകളിൽ പ്രസിദ്ധപ്പെടുത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിനെ സമീപിക്കണം. സർവകലാശാലയിലേക്ക് അപേക്ഷകൾ അയയ്ക്കേണ്ടതില്ല.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2018

### ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയുടെ 2018-19 അദ്ധ്യയന വർഷത്തിലെ ബിരുദ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധപ്പെടുത്തി.

ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ ചേർക്കുന്നതിനും പുനർക്രമീകരിക്കുന്നതിനും പ്രൊഫൈലിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനും ജൂൺ 11 രാവിലെ 10 മണിവരെ സമയം ഉണ്ടായിരിക്കും. മാറ്റങ്ങൾ വരുത്തുന്നവർ പുതിയ പ്രിന്റൗട്ടെടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കണം.

ട്രയൽ അലോട്ട്മെന്റ് കഴിഞ്ഞ് വിദ്യാർത്ഥികൾ ഓപ്ഷനുകളിൽ മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട്.

ഓൺലൈൻ അപേക്ഷയുടെ അവസാന തീയതി 08.06.2018 ആണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.

## ബി.എസ്.സി പരീക്ഷാഫലം

**2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി (സി.ബി. സി.എസ്.എസ്.) (റഗുലർ 2016 ഇംപ്രൂവ്മെന്റ് 2015 സപ്ലിമെന്ററി 2013,2014) പരീക്ഷാഫലം പ്രസിദ്ധികരിച്ചു. സൂക്ഷ്മപരിശോധനക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി ജൂൺ 20 വരെ അപേക്ഷിക്കാം.**

## ഡ്രൈവർ തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

**സർവ്വകലാശാലയുടെ ജനസംഖ്യാ ഗവേഷണ കേന്ദ്രത്തിൽ (പി. ആർ.സി), ഒഴിവുള്ള ഡ്രൈവർ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ നിയമനത്തിന്**

അപേക്ഷ ക്ഷണിച്ചു.വാക് -ഇൻ -ഇന്റർവ്യൂ ജൂൺ 11 10.30 ന് പാളയം സർവ്വകലാശാല ആസ്ഥാനത്ത് നടക്കും. വിജ്ഞാപനവും മെഡിക്കൽ സർട്ടിഫിക്കറ്റിനുളള അപേക്ഷയും വിശദവിവരങ്ങളും (www.keralauniversity.ac.in) വെബ്സൈറ്റിൽ job notifications എന്ന ലിങ്കിൽ ലഭിക്കും.

## കമ്മ്യൂണിക്കേറ്റീവ് അറബിക് സീറ്റൊഴിവ്

അറബിക് പഠനവകുപ്പ് നടത്തുന്ന കമ്മ്യൂണിക്കേറ്റീവ് അറബിക് കോഴ്സിലേക്ക് ഏതാനും സീറ്റൊഴിവുണ്ട്.2018 ജൂലൈ 2 ന് ആരംഭിക്കുന്ന ബാച്ചിലേക്ക് കോഴ്സ് ഫീസായ 6000/- (ആറായിരം) രൂപ കെ.യു.എഫിൽ അടച്ച് രസീത് ഉൾപ്പെടെ അപേക്ഷയോടൊപ്പം കാര്യവട്ടം അറബിക് പഠനവകുപ്പിൽ സമർപ്പിക്കണം. വിശദവിവരങ്ങൾ അറബിക് പഠനവകുപ്പിന്റെ ലിങ്കിൽ ലഭ്യമാണ്. നമ്പർ: 9446827141

## ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ പരീക്ഷ

ജൂലൈ 4ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (2015 സ്കീം ) റഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി (2017-19 ബാച്ച്), ജൂലൈ 5 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (2015 സ്കീം) റഗുലർ/ സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ ജൂൺ 13, 50 രൂപ പിഴയോടെ ജൂൺ16, 125 രൂപ പിഴയോടെ ജൂൺ 19 വരെയും ഫീസടച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ ഹിസ്റ്ററി വൈവ വോസി പരീക്ഷ(സി.എസ്സ്.എസ്സ്)

ഹിസ്റ്ററി പഠനവകുപ്പിലെ നാലാം സെമസ്റ്റർ എം.എ(സി.എസ്സ്.എസ്സ്) കോഴ്സിന്റെ (2016-18 ബാച്ച്) ഭാഗമായി വൈവ വോസി എക്സാമിനേഷൻ ജൂൺ 12 ന് രാവിലെ 10.00 മണിക്ക് കാര്യവട്ടത്തുളള ഹിസ്റ്ററി പഠനവകുപ്പിൽ വച്ച് നടത്തുന്നതാണ്.

## നാലാം സെമസ്റ്റർ എം.എ.എസ്.എൽ.പി പ്രബന്ധ സമർപ്പണം.

ജൂലൈയിൽ നടക്കുന്ന നാലാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) ഡിഗ്രി പരീക്ഷക്ക് ജൂൺ 20 നകം തീസിസ്സ് സമർപ്പിക്കേണ്ടതാണ്.

## ബി.എഡ് ഫലം

2017 ഡിസംബറിൽ നടത്തിയ ബി.എഡ് ഒന്നാം സെമസ്റ്റർ പരീക്ഷയുടെ വലിയം മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, ചവറയിലെ തടഞ്ഞുവെച്ച പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## 2006 സ്കീം എം.സി.എ മേഴ്സിചാൻസ്

2006 സ്കീം എം.സി.എ വിദ്യാർത്ഥികൾക്ക് മേഴ്സിചാൻസ് അനുവദിച്ച് കൊണ്ട് ഉത്തരവായി.

**ഒന്നാം വർഷ ബിരുദ പ്രവേശനം-2018.കരുനാഗപ്പള്ളി തഴവ ഗവ. കോളേജിൽ ബി.എ. സോഷ്യോളജി കോഴ്സ് അനുവദിച്ചു. ഓൺലൈൻ അപേക്ഷ നൽകാം.**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കരുനാഗപ്പള്ളി തഴവ ഗവ: കോളേജിൽ ബി.എ സോഷ്യോളജി (30 സീറ്റ്) അനുവദിച്ചിരിക്കുന്നു.താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാം. (http://www.admissions.keralauniversity.ac.in). നിലവിൽ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കും ഈ കോഴ്സ് പുതിയ ഓപ്ഷനായി കൂട്ടിച്ചേർക്കാവുന്നതാണ്.നിലവിലെ അപേക്ഷയിൽ ഈ കോഴ്സ് ചേർക്കുന്നവർ അപേക്ഷയുടെ പുതിയ പ്രിന്റ് ഔട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കണം. സർവകലാശാലക്ക് അപേക്ഷകൾ അയയ്ക്കേണ്ടതില്ല.

തിരുവനന്തപുരം.
05.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**